**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **28-01-2026 - ൽ മറുപടിയ്ക്ക്**

**കുറ്റിക്കോൽ സബ്സ്റ്റേഷൻ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉദുമ നിയോജകമണ്ഡലത്തിലെ കുറ്റിക്കോൽ സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ച്എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ഉദുമ നിയോജകമണ്ഡലത്തിലെ 110 kV കുറ്റിക്കോൽ സബ്സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ച് 2026 മാർച്ച്/ ഏപ്രിൽ മാസത്തോടുകൂടി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിലെ മൈലാടി-വിദ്യാനഗർ മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ പ്രവൃത്തിയുടെ നിലവിലെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ; പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ? | (ബി) | കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി 10-06-2019 ൽ ആരംഭിച്ചു. നിലവിൽ 63% ടവർ ഫൗണ്ടേഷനും 29% ടവർ സ്ഥാപിക്കലും 27% ലൈൻ നിർമ്മാണവും ഉൾപ്പെടെ ആകെ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ടി പ്രവൃത്തി ചെയ്തിരുന്ന കരാറുകാരൻ 13-09-2025 ന്, പദ്ധതി ഷോർട്ട്ക്ലോസ് ചെയ്യുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന്, turnkey വ്യവസ്ഥയിൽ 13-01-2026-ന് പുതിയ കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജോലികൾ പുരോഗമിക്കുന്നു.<br><br>പ്രസ്തുത പ്രവൃത്തി 6 മാസം കൊണ്ട് (12-07-2026) പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ